2 (575) വ്യവസായ പുരോഗതിക്ക് സംവിധാനം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ പുരോഗതിക്ക് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഗവൺമെന്റ് എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(എഫ്) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആന്റ് (ബി) ഉണ്ട്. വ്യവസായ തുടങ്ങുന്നതിന് ഫണ്ടിനുപുറമേ വിവിധ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട് ഇതിനായി വിവിധ വകുപ്പുകളിൽ നിന്നുള്ള സഹായം തേടേണ്ടിവരുന്നു. വിവിധ വകുപ്പുകളിൽനിന്ന് വെവ്വേറെ അനുവാദം കിട്ടുന്നതിന് കാലതാമസം നേരിടാറുണ്ട്. മാത്രവുമല്ല എതെങ്കിലും ഒരു വകുപ്പിന്റെ അനുവാദം ലഭ്യമായില്ലെങ്കിൽ അക്കാര്യംകൊണ്ടുതന്നെ ഉദ്ദേശിച്ച പദ്ധതി നടപ്പിലാക്കാനാവാതെവരുന്നു. ഈ സാഹചര്യം മനസ്സിലാക്കി നിലവിലുള്ള ഏകജാലകസംപ്രദായം കൂടുതൽ വിപുലീകരിച്ച് അതിന് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ നൽകാൻ തീരുമാനിക്കുകയും ഈ ഉദ്ദേശലക്ഷ്യങ്ങളോടെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും ബില്ല് 1999 കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. ഇതു പ്രാബല്യത്തിൽ വരുന്നതോടെ വിവിധ വകുപ്പുകളിലെ ക്ലിയറൻസ് പെട്ടെന്ന് ലഭ്യമാക്കുകയും തദ്വാര അത് വ്യവസായ പുരോഗതിയെ വേഗത്തിലാക്കുകയും ചെയ്യും.

(ബി)-(എഫ്) ഉണ്ട്. പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി 29.7.1988-ലെ ജി.ഒ (എം.എസ്) 113/88/ഐഡി ഉത്തരവിൽ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നിലവിലുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു പ്രത്യേക സംവിധാനമെന്നനിലയിൽ പത്തനംതിട്ട, ജില്ലകൾ ഒഴികെയുള്ള മറ്റെല്ലാജില്ലകളിലും എഞ്ചിനീയറിംഗ്/എം.ബി.എ ബിരുദധാരികളെ രോഗാതുരമായതും ആകാൻ സാദ്ധ്യതയുള്ളതുമായ വ്യവസായ യൂണിറ്റുകളെ കണ്ടുപിടിച്ച് ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളുമായി പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി നിയമിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേലാസ്ഥാപനങ്ങളുടെ പുനസംഘടന വിപുലീകരണത്തിനുമായി ധനം സ്വരൂപിക്കുന്നതിനായി കേരള വ്യവസായ പുനരുദ്ധാരണഫണ്ട് ബോർഡ് രൂപീകരിക്കുകയും ബോണ്ടുകളുടെ വില്പനവഴി 180 കോടി രൂപാ സമാഹരിക്കുകയും ചെയ്തു. കമ്പനികളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് ഈ ഫണ്ടിൽ നിന്ന് ധനസഹായം നൽകിത്തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly